നമ്പർ:എ4/3157/2014

ഗവ.വിക്ടോറിയ ആശുപത്രി,
കൊല്ലം, തീയതി; 07.11.2014

## ദർഘാസ് പരസ്യം

കൊല്ലം ഗവ.വിക്ടോറിയ ആശുപത്രിയിലേക്ക് ആവശ്യമായ Fully Auto Bio-Chemistry Analyser – Model A (Bio-Chemistry Analyser) എന്ന ഉപകരണം ഒരെണ്ണം വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള നിർമ്മാതാക്കൾ/അംഗീകൃത വിതരണകമ്പനികൾ എന്നിവരിൽ നിന്നും പ്രത്യേകം സീലു വച്ച ടെൻഡറുകൾ ക്ഷണിക്കുന്നു.

ടെൻഡറുകൾ 30.12.14 തീയതി ഉച്ച കഴിഞ്ഞ് രണ്ടു മണിവരെ സ്വീകരിക്കുന്നതും 30.12.14 തീയതി കഴിഞ്ഞ് 03 മണിക്ക് ടെൻഡർ നൽകിയ വ്യക്തിയുടെയോ അവർ നിർദ്ദേശിക്കുന്ന പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ദർഘാസ് ഫാറത്തിന്റെ വിൽപന 15/11/14 മുതൽ ആരംഭിക്കുന്നതും 26.12.14 തീയതി ഉച്ചയ്ക്ക് 01 മണിക്ക് അവസാനിക്കുന്നതുമായിരിക്കും. ദർഘാസ് ഫോറത്തിന്റെ വിലയായ 25000/ രൂപയും നിയമാനുസൃത വിൽപന നികുതിയും (പകർപ്പിന് 12500/ രൂപയും വിൽപന നികുതിയും) ഈ ആഫീസിലടച്ച് ദർഘാസ് ഫാറം വാങ്ങാവുന്നതാണ്.

ഈ സ്ഥാപനത്തിൽ നിന്നും നൽകിയ ടെൻഡർ ഫാറം മാത്രമേ സ്വീകരിക്കുകയുള്ളൂ.

ദർഘാസിനോടൊപ്പം EMD ഇനത്തിൽ ആശുപത്രി സൂപ്രണ്ടിന്റെ പേർക്ക് ദേശസാൽകൃത ബാങ്കിൽ മാറാത്തക്കവണ്ണം 15000/- രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്.

ദർഘാസ് ഫാറം വ്യക്തമായി പൂരിപ്പിച്ച് വെട്ടി തിരുത്തലുകൾ ഇല്ലാതെ ഹാജരാക്കേണ്ടതാണ്. ടി ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ, വാറ്റ് എന്നിവ വ്യക്തമായി ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്.

ദർഘാസ് ഫാറത്തിന്റെ നിലവിലുള്ള വിലയിലും വിൽപന നികുതിയിലും മാറ്റം വന്നാൽ ദർഘാസ് ഫാറവിലയായി അടച്ച തുകയുടെ ബാക്കി തുക അടച്ച് ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

ടി ദർഘാസിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഈ സ്ഥാപനത്തിലെ മേലധികാരികളിൽ നിന്നും ആഫീസ് സമയത്ത് ലഭിക്കുന്നതാണ്.

നോട്ടീസ് ബോർഡ്

സൂപ്രണ്ട്
SUPERINTENDENT
GOVT. VICTORIA HOSPITAL
KOLLAM

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം) (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്/വിവര പൊതുജന സമ്പർക്ക (ജി) വകുപ്പ്, തിരുവനന്തപുരം.
3. കളക്ടറേറ്റ് /താലൂക്കാഫീസ് / ജില്ലാ ആശുപത്രി - നോട്ടീസ് ബോർഡ്
4. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് , കൊല്ലം
5. ജില്ലാ പ്രോഗ്രാം മാനേജർ, കൊല്ലം – (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
6. ഡയറക്ടർ, ഗവ.പ്രസ്
7. ഫയൽ/കരുതൽ ഫയൽ

GOVT. VICTORIA HOSPITAL KOLLAM